©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2025 ആഗസ്റ്റ് 20
20th August 2025
1201 ചിങ്ങം 4
4th Chingam 1201
1947 ശ്രാവണം 29
29th Sravana 1947

നമ്പർ
No.
3014

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം. 308/2025/റ.വ

തീയതി , തിരുവനന്തപുരം, 2025 ആഗസ്റ്റ് 19

എസ്. ആർ. ഒ. നമ്പർ 931/2025

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ വില്യാപ്പള്ളി, നടക്കുതാഴ, പാലയാട്, മണിയൂർ വില്ലേജുകളിൽ ഉൾപ്പെട്ട 3.4846 ഹെക്ടർ ഭൂമി കുട്ടോത്ത് – അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണത്തിനു വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും;

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (2013 ലെ കേന്ദ്ര നിയമം 30) 4-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രദേശത്ത് ഒരു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ തന്മൂലം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, നിയമത്തിൽ അനുശാസിക്കുംവിധം സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്, കളക്ടേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം എന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ ഇതിനാൽ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത നടപടിക്രമം 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

പട്ടിക

ജില്ല : കോഴിക്കോട്
താലൂക്ക് : വടകര
വില്ലേജ് : വില്യാപ്പള്ളി, നടക്കുതാഴ, പാലയാട്, മണിയൂർ

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

വില്ലേജ്	*ദേശം*	*റീസർവ്വെ നം.*	*വിസ്തീർണ്ണം (ഹെക്ടറിൽ)*
വില്യാപ്പള്ളി	കുട്ടോത്ത്	118,119,121,123,125,127	0.0750
നടക്കുതാഴ	പുതുപ്പണം	136, 137, 138, 144, 145	0.1895
മണിയൂർ	മണിയൂർ	3,4,10,11,12,21, 22,23,24,25,26,60,61,62, 63,67,68, 69,71,72, 73,74, 75,76,86,87,88, 89, 90, 111,112,113,114,119,121,124,125,126,127	0.8050
മണിയൂർ	കുറുന്തോടി	193,194,195,196,199,197	0.0199
പാലയാട്	ചെല്ലട്ടുപൊയിൽ	1,3,13,2,10,11,14	0.1440
പാലയാട്	കരുവഞ്ചേരി	25,26,34,14,43,42,27,33,40,13	0.2330
പാലയാട്	പതിയാരക്കര	40,63,70,33,39,34,35,9,41,57,60,61,62,64,36,56,32	1.0344
പാലയാട്	മുതുവന	13,21,22,12,15,18,3,17,19,20,1	0.5820
പാലയാട്	പാലയാട്	9,6,7,5,1,8	0.4018
ആകെ			3.4846

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഗീത എ

അഡീഷണൽ സെക്രട്ടറി (റവന്യൂ)

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.2015 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ നിയോഗിക്കേണ്ടത് ആവശ്യമാണ്. കുട്ടോത്ത് -അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ വില്യാപ്പള്ളി, നടക്കുതാഴ, പാലയാട്, മണിയൂർ വില്ലേജുകളിൽ ഉൾപ്പെട്ട 3.4846 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയാണ് അർത്ഥന ലഭിച്ചിട്ടുള്ളത്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.20 03:00:50 +05:30